പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3361     12. 12. 2014- ലെ മറുപടി

## സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രവാസികൾക്ക് നോർക്കയിൽ നിന്നും ലഭിക്കുന്ന ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളുടെ വിദേശത്ത് വച്ചുള്ള മരണം, അപകടം, രോഗം എന്നിവയ്ക്ക് ഇപ്പോൾ എന്തെല്ലാം ധനസഹായമാണ് നോർക്കയിൽ നിന്നും മറ്റ് സർക്കാർ സംവിധാനത്തിൽ നിന്നും ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികൾ വിദേശത്ത് വച്ച് മരണപ്പെടുന്ന സാഹചര്യത്തിൽ മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ 'സാന്ത്വന' പദ്ധതിയിൽ അനുവദിച്ചുവരുന്നു. അതിനോടൊപ്പം പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം, മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. ഇതിനുപുറമെ വിദേശരാജ്യങ്ങളിൽ മരണമടയുന്ന പ്രവാസികളുടെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി 'കാരുണ്യം' എന്ന പദ്ധതി പ്രകാരം 50,000/- രൂപവരെ നൽകിവരുന്നു. പ്രവാസി തിരിച്ചറിയൽ കാർഡ് നേടിയിട്ടുള്ളവർക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി)ഇവ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) മരണാനന്തരസഹായം 20,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി)മരണപ്പെട്ട പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനും , അവർക്ക് നഷ്ടപരിഹാരങ്ങൾ വാങ്ങി നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ? | സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നകാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ